NISH

*We are here because, we care*

SOCIAL JUSTICE DEPARTMENT

care, protection & empowerment

NIDAS

NISH online Interactive Disability Awareness Seminar

# ലഘുപുസ്തകം

# ഭിന്നശേഷിക്കാരുടെ ആനുകൂല്യങ്ങളും അവകാശങ്ങളും

## രക്ത സംബന്ധമായ രോഗങ്ങൾ

© 2020 by NIDAS

Published by: National Institute of Speech & Hearing (NISH), Thiruvananthapuram
& Social Justice Department, Govt. of Kerala

Compiled by: NIDAS Team, NISH

Approved by: Executive Director, NISH & Director, Social Justice Directorate

Editing & Layout: Centre for Communication & Media Development (CCMD), NISH

# ആമുഖം

നിഡാസ് ടീമിന്റെ ഈ ലഘുപുസ്തകം പ്രധാനമായും ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കൾക്കും രക്ഷിതാക്കൾക്കും പ്രസക്തമായ വിവരങ്ങൾ നൽകുക എന്ന് ഉദ്ദേശിച്ചുള്ളതാണ്. ഇന്റർവെൻഷൻ അദ്ധ്യാപകർ, സോഷ്യൽ വർക്കർമാർ, ഗവൺമെന്റ് ഉദ്യോഗസ്ഥർ, ഭിന്നശേഷിക്കാർക്കായി പ്രവർത്തിക്കുന്ന മറ്റ് ഉദ്യോഗസ്ഥർ എന്നിവർക്കും ഈ ലഘുപുസ്തകം സഹായകമാകും.

എല്ലാ ഭിന്നശേഷികളെക്കുറിച്ചും പൊതുവായ ഒരു അവലോകനം, നിഡാസ്-നെ സംബന്ധിച്ച വിവരങ്ങൾ നിഷ്-നെ കുറിച്ചുള്ള വിശദാംശങ്ങൾ എന്നിവയുൾപ്പെടെ മറ്റു പ്രധാനപ്പെട്ട വിവരങ്ങൾ, സ്ഥാപനങ്ങൾ, സംഘടനകൾ, സേവനങ്ങൾ, പ്രവർത്തനങ്ങൾ എന്നിവയെയെല്ലാം കുറിച്ച് വ്യക്തമായ വിവരങ്ങൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഈ ലഘുപുസ്തകത്തിൽ പരാമർശിച്ചിരിക്കുന്ന പദ്ധതികൾ, സ്കോളർഷിപ്പുകൾ, ഇളവുകൾ, എന്നിവയ്ക്ക്, അതാതു സമയത്ത് ഗവൺമെന്റ് വരുത്തുന്ന ഭേദഗതികൾക്ക് അനുസരിച്ച് ലഘുപുസ്തകത്തിൽ മാറ്റങ്ങൾ വരുത്താൻ നിഡാസ് ടീമിന് അവകാശമുണ്ട്.

ഈ ലഘുപുസ്തകത്തിൽ പ്രത്യേകമായി പരാമർശിക്കാത്ത ഇളവുകൾ, സ്ഥാപനങ്ങൾ, പദ്ധതികൾ എന്നിവയെക്കുറിച്ച് നിങ്ങൾക്ക് എന്തെങ്കിലും ചോദ്യങ്ങൾ ഉണ്ടെങ്കിൽ നിഡാസ് ടീമുമായി ദയവായി ബന്ധപ്പെടുക.

ഷെർളി ജി.
നിഡാസ് ടീം ലീഡർ

# ഉള്ളടക്കം

നിഡാസ്........................................................................................................................................1
ആർ.പി.ഡബ്ള്യൂ.ഡി. ആക്ട് 2016........................................................................................................2
രക്ത സംബന്ധമായ രോഗങ്ങൾ........................................................................................................3
ആനുകൂല്യങ്ങളും അവകാശങ്ങളും..............................................................................................6
നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ്.............................................9

# നിഷ് ഓൺലൈൻ ഇന്ററാക്ടീവ് ഡിസബിലിറ്റി അവയർനെസ് സെമിനാർ (നിഡാസ്.)

NIDAS
NISH online Interactive Disability Awareness Seminar

A joint venture of
NISH
*We are here because, we care*
and
SOCIAL JUSTICE DEPARTMENT
care, protection & empowerment

കേരള സർക്കാരിനു കീഴിലുള്ള സാമൂഹിക നീതി ഡയറക്ടറേറ്റുമായി സഹകരിച്ചു കൊണ്ട് 2015–ൽ 'നിഷ് ഓൺലൈൻ ഇന്ററാക്ടീവ് ഡിസബിലിറ്റി അവയർനെസ് സെമിനാർ (NIDAS)' ആരംഭിച്ചു. അംഗപരിമിതിയുടെ അനന്തരഫലങ്ങളെ കുറിച്ചും, ഭിന്നശേഷിയുള്ളവരുടെ പരിചരണം എങ്ങനെ ഫലപ്രദമായി സാധ്യമാക്കാം എന്നിവ സംബന്ധിച്ചും രക്ഷകർത്താക്കൾക്കും പരിപാലകർക്കും ധാരണയുണ്ടാക്കുക എന്നതാണ് ഈ പരിപാടിയുടെ  ലക്ഷ്യം. ഈ വെബിനാർ പരമ്പര ഇന്റർനെറ്റ് മുഖേന സംസ്ഥാനത്തെ എല്ലാ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളിലും (DCPU) സന്നിഹിതരായിരിക്കുന്ന പ്രേക്ഷകർക്ക് വീക്ഷിക്കാനാകും. കുട്ടികളിലും മുതിർന്നവരിലും കണ്ടു വരുന്ന അംഗപരിമിതികൾ സംബന്ധിച്ച വിഷയങ്ങളാണ് ഇതിനു തിരഞ്ഞെടുക്കുന്നത്. എല്ലാ മാസവും മൂന്നാമത്തെ ശനിയാഴ്ച രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 1.00 മണി വരെയാണ് പരിപാടി. നിഷ്–ൽ രജിസ്റ്റർ ചെയ്ത് ലിങ്ക് ലഭിച്ചവർക്ക് ലോകത്തെവിടെയിരുന്നും ഈ വെബിനാർ  പരിപാടിയിലും സംവാദത്തിലും പങ്കെടുക്കാവുന്നതാണ്.

**നിഡാസിനെ കുറിച്ച്**
**കൂടുതൽ അറിയാൻ**
**www.nidas.nish.ac.in**
**എന്ന വെബ്സൈറ്റ്**
**സന്ദർശിക്കുക**

**കൂടുതൽ വിവരങ്ങൾക്ക്**
**പ്ലേസ്റ്റോറിൽ നിന്നും**
**നിഡാസ് ആപ്പ്**
**ഡൗൺലോഡ് ചെയ്യുക**




2016 ഡിസംബർ 16ന്, ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണ നിയമം 2016, രാജ്യസഭയിൽ പാസ്സാക്കി. ശാരീരിക വെല്ലുവിളികൾ, ബുദ്ധിപരമായ വെല്ലുവിളികൾ, ബഹുവിധ വെല്ലുവിളികൾ എല്ലാം ഈ നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 2007–ൽ ഇന്ത്യ ഒപ്പു വച്ച ഭിന്നശേഷിക്കാരുടെ അവകാശസംരക്ഷണത്തെക്കുറിച്ചുള്ള യു. എൻ കൺവെൻഷൻ അനുസരിച്ചാണ് ഈ നിയമം നിലവിൽ വന്നത്.

**നിയമത്തിന്റെ പ്രധാന ഭാഗങ്ങൾ:**

- ☐ ഭിന്നശേഷികളുടെ വ്യാഖ്യാനം : ഭിന്നശേഷികളുടെ ലിസ്റ്റ് ഏഴിൽ നിന്നും ഇരുപത്തിയൊന്നാക്കി.
- ☐ സംസാര–ഭാഷാ പരിമിതി, പ്രത്യേക പഠന പരിമിതി, ആസിഡ് ആക്രമണത്തിനിരയായവർ എന്നിവ ആദ്യമായാണ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത്.
- ☐ ഭിന്നശേഷിയുള്ളവരുടെ അവകാശങ്ങൾ: തുല്ല്യത ഉറപ്പ് വരുത്തുന്നതോടൊപ്പം വിവേചനങ്ങൾക്കെതിരെ പ്രതികരിക്കാനും ഭിന്നശേഷിയുള്ളവർക്ക് അവകാശമുണ്ട്.
- ☐ ഭിന്നശേഷിയുള്ളവരോട് വിവേചനം കാണിക്കുന്നവരിൽ നിന്നും രൂപ 10000/-മുതൽ രൂപ 500000/-വരെ പിഴയീടാക്കുന്നതാണ്.
- ☐ എല്ലാ പൊതുസ്ഥാപനങ്ങളും ഭിന്നശേഷി സൗഹാർദ്ദമാക്കുക.
- ☐ സർക്കാർ സ്ഥാപനങ്ങളിൽ ഉപരിപഠനത്തിന് 5% സംവരണം.
- ☐ കേന്ദ്ര–സംസ്ഥാന സർക്കാർ തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ 4% തൊഴിൽ സംവരണം.
- ☐ ഭിന്നശേഷിയുള്ളവരുടെ പ്രാദേശിക ആവശ്യങ്ങൾ നേടാനായി ജില്ലാതല കമ്മിറ്റികൾ രൂപീകരിക്കുക എന്നത് സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്തമാണ്.
- ☐ കേന്ദ്ര–സംസ്ഥാന തലങ്ങളിൽ ഭിന്നശേഷി ഉപദേശക സമിതികൾ രൂപീകരിക്കുക.
- ☐ മേൽപ്പറഞ്ഞ ഭിന്നശേഷികൾക്ക് 40% എന്നത് ഒരു മാനദണ്ഡമായി കണക്കാക്കുന്നു.

# രക്ത സംബന്ധമായ രോഗങ്ങൾ

ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണ നിയമത്തിൽ, രക്തത്തിൽ ഉണ്ടാകുന്ന ചില രോഗങ്ങളായ ഹീമോഫീലിയ, സിക്കിൾ സെൽ അനീമിയ, തലസീമിയ എന്നിവയും ഭിന്നശേഷി പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## എന്താണ് ഹീമോഫീലിയ ?

രക്തം ശരിയായി കട്ടപിടിക്കാത്ത ഒരു അവസ്ഥയാണ് ഹീമോഫീലിയ. ഇത് സ്വയമേവയുള്ള രക്തസ്രാവത്തിനും, പരിക്ക്, ശസ്ത്രക്രിയ എന്നിവ മൂലവും രക്തസ്രാവത്തിനു കാരണമാകും. ഒരു വ്യക്തിയുടെ ഹീമോഫീലിയയുടെ തീവ്രത നിർണ്ണയിക്കുന്നത് രക്തത്തിലെ ഘടകങ്ങളുടെ അളവനുസരിച്ചാണ്. ഇത് ഒരു ജനിതകാവസ്ഥയാണ്.

സന്ധികൾക്കുള്ളിൽ രക്തസ്രാവം ഉണ്ടാകുന്നത് വിട്ടുമാറാത്ത സന്ധിരോഗത്തിനും വേദനയ്ക്കും കാരണമാകും. തലയിലും ചിലപ്പോൾ തലച്ചോറിലും രക്തസ്രാവം ഉണ്ടാകുന്നത് സീഷെർ, പക്ഷാഘാതം തുടങ്ങിയ ദീർഘകാല പ്രശ്നങ്ങൾക്ക് കാരണമാകും

മനുഷ്യശരീരത്തിലെ X ക്രോമോസോമിൽ അടങ്ങിയിരിക്കുന്ന വികലമായ ജീനാണ് ഹീമോഫീലിയക്ക് കാരണമാകുന്നത്. ഒരു പെൺകുട്ടിയിൽ അച്ഛനിൽനിന്നും അമ്മയിൽ നിന്നും X ക്രോമോസോം ലഭിക്കുന്നു. എന്നാൽ ആൺകുട്ടിയിൽ അമ്മയിൽ നിന്നും X ക്രോമോസോമും അച്ഛനിൽ നിന്നു Y ക്രോമോസോമുമാണ് ലഭിക്കുന്നത്. ആയതിനാൽ ഹീമോഫീലിയ ആൺകുട്ടികളിലാണ് സാധാരണയായി കാണപ്പെടുന്നത്. എന്നാൽ പെൺകുട്ടികളിൽ ഇവ രോഗത്തിനു കാരണമാവുകയില്ല. എന്നാൽ വികലമായ ജീനുകൾ വെളിപ്പെടാതെ അവർ അത് അവരുടെ മകന് നല്കപ്പെടാൻ ഉള്ള സാദ്ധ്യതയുമുണ്ട്. എന്നാൽ ജനിതകപരിവർത്തനങ്ങൾ കൊണ്ട് ഇപ്പോൾ പാരമ്പര്യമല്ലാതെയും ഹീമോഫിലിയ ഉണ്ടാകാറുണ്ട്.

## എന്താണ് സിക്കിൾ സെൽ അനീമിയ?

ചുവന്നരക്തകോശങ്ങളിൽ ജനിതകമായി ഉത്ഭവിക്കുന്ന അസാധാരണമായ മാറ്റമാണ് സിക്കിൾ സെൽ അനീമിയ. ചുവന്ന രക്ത കോശങ്ങളാണ് നമ്മുടെ ശരീരത്തിൽ ഓക്സിജൻ എത്തിക്കുന്ന ചുമതല നിർവഹിക്കുന്നത്. ജനിതക മാറ്റം മൂലം ഈ കോശങ്ങളുടെ ആകൃതി ചന്ദ്രക്കല അഥവാ അരിവാൾ പോലെ ആയി മാറ്റപ്പെടുന്നു. രക്തകോശങ്ങളുടെ ഈ രൂപമാറ്റം സൂക്ഷ്മ രക്തധമനികളിൽ തടസ്സങ്ങൾ ഉണ്ടാക്കുകയും, തുടർന്ന് രക്തയോട്ടം തടസ്സപ്പെടുകയും ശരീരത്തിന് ആവശ്യമായ ഓക്സിജൻ കിട്ടാതെ വരികയും ചെയ്യുന്നു. ഇത് ആ വ്യക്തിയിൽ കഠിനമായ വിളർച്ച, വേദന, തലകറക്കം മറ്റു അവയവ തകരാറുകൾ എന്നിവയ്ക്ക് കാരണമാകുകയും ചെയ്യുന്നു.

സിക്കിൾ സെൽ ജീനുകൾ ഒരുതലമുറയിൽ നിന്നും അടുത്ത തലമുറയിലേക്കു സമരൂപ ക്രോമോസോമുകളിലൂടെയാണ് കടന്നു പോകുന്നത്. അതു കൊണ്ടുതന്നെ മാതാവിനും പിതാവിനും ഒരുപോലെ ഈ ജീനുകൾ ഉണ്ടെങ്കിൽ മാത്രമേ അവരുടെ കുട്ടികളിൽ ഈ അസുഖം ബാധിക്കുകയുള്ളൂ. സിക്കിൾ സെൽ സ്വഭാവമുള്ള ഒരു വ്യക്തിയിൽ ഒരു സാധാരണ ഹീമോഗ്ലോബിൻ ജീനും വികലമായ സ്വാഭാവമുള്ള ജീനും ഉണ്ടെങ്കിൽ, അവരുടെ രക്തത്തിൽ സാധാരണ ഹീമോഗ്ലോബിനും സിക്കിൾ സെൽ ഹീമോഗ്ലോബിനും ഉണ്ടാക്കപ്പെടുന്നു. എന്നാൽ അവരിൽ സിക്കിൾ സെൽ രോഗത്തിന്റെ ലക്ഷണങ്ങളൊന്നും തന്നെ പ്രകടമാകുന്നില്ല. പക്ഷെ അവർ രോഗവാഹകരായിരിക്കും. അതായത് അടുത്ത തലമുറയിലേക്കു രോഗം എത്തിക്കുന്നതിന് സാധ്യതയുണ്ട്.

- ☐ സിക്കിൾ സെൽ അനീമിയ മുതിർന്നവരിൽ ശ്വാസകോശത്തിലെ രക്താതിമർദ്ദത്തിനും കാരണമാവുകയും തുടർന്ന് ശ്വാസംമുട്ടൽ ക്ഷീണം എന്നിവ ഉണ്ടാകുകയും ചെയ്യുന്നു. ഇത് ചിലപ്പോൾ മരണത്തിനു കാരണമാവാറുണ്ട്.

- ☐ സിക്കിൾ സെൽ അനീമിയ ഉള്ളവരിൽ ശരീരത്തിലെ അവയവങ്ങളിലേക്കുള്ള രക്തയോട്ടം തടസ്സപ്പെടുന്നതിനാൽ, ആവശ്യമായ ഓക്സിജൻ എത്തിക്കാൻ സാധിക്കാതെ വരുകയും, തൻമൂലം ഞരമ്പുകൾ വൃക്ക, കരൾ, പ്ലീഹ എന്നീ അവയവങ്ങളുടെ പ്രവർത്തനങ്ങൾ തകരാറിലാകുകയും ചെയ്യുന്നു. ഇത് മരണത്തിനും കാരണമായേക്കാം.

- ☐ സിക്കിൾ സെല്ലുകൾ കണ്ണുകളിലേക്കുള്ള സൂക്ഷ്മ രക്തക്കുഴലുകളിൽ തടസ്സങ്ങൾ ഉണ്ടാക്കുന്നു. കണ്ണുകളിലേക്കുള്ള രക്തപ്രവാഹം തടസ്സപ്പെടുന്നത് കാലക്രമേണ അന്ധതയ്ക്ക് കാരണമാകുന്നു.

- ☐ കാലുകളിൽ വ്രണങ്ങൾ ഉണ്ടാകുന്നതിനും സിക്കിൾ സെൽ അനീമിയ കാരണമാകുന്നു.

## എന്താണ് തലസീമിയ?

രക്തത്തിൽ അടങ്ങിയിരിക്കുന്ന ഹീമോഗ്ലോബിന്റെ അളവിൽ ജനിതക കാരണങ്ങളാൽ ഉണ്ടാകുന്ന കുറവുകൾ (ഹീമോലിസിസ്) കൊണ്ട് ചുവന്ന രക്തകോശങ്ങൾ പ്രവർത്തനരഹിതമാകുകയും കഠിനമായ വിളർച്ചയ്ക്കു കാരണമാകുകയും ചെയ്യുന്ന രോഗാവസ്ഥയാണ് തലസീമിയ. ഈ രോഗത്തിന്റെ ചികിത്സയുടെ ഭാഗമായി രോഗിക്ക് തുടർച്ചയായി രക്തം മാറ്റി സ്വീകരിക്കേണ്ടതായി വരുന്നു.

തലസീമിയ പാരമ്പര്യമായി ഉണ്ടാകുന്ന തകരാറാണ്. അതായത് മാതാപിതാക്കളിൽ നിന്ന് ജീനുകൾ വഴി കുഞ്ഞുങ്ങളിലേക്കു കൈമാറുന്നു. മാതാപിതാക്കളിൽ ഒരാളിൽ നിന്ന് സാധാരണ ഹീമോഗ്ലോബിനും മറ്റൊരാളിൽ നിന്ന് വൈകല്യമുള്ള ഹീമോഗ്ലോബിനും ലഭിച്ചവർ രോഗ വാഹകരായിരിക്കും.

ഹീമോഗ്ലോബിൻ തന്മാത്രകൾ ആൽഫാ ബീറ്റാ ശ്രേണികളാൽ നിർമ്മിതമായിരിക്കുന്നു. ഇവയുടെ പരിവർത്തനത്തിന്റെ ഫലമായി ആൽഫയുടെയോ ബീറ്റയുടെയോ അളവിൽ ഉണ്ടാകുന്ന കുറവുമൂലം ആൽഫാ തലസീമിയോ ബീറ്റാ തലസീമിയയോ ഉണ്ടാകുന്നു. ആൽഫതലസീമിയയിൽ എത്ര ജീനുകൾക്കു പരിവർത്തനം ഉണ്ടായി എന്നതനുസരിച്ചിരിക്കും രോഗത്തിന്റെ തീവ്രത . എന്നാൽ ബീറ്റാതലസീമിയയിൽ രോഗത്തിന്റെ തീവ്രത ഹീമോഗ്ലോബിൻ തന്മാത്രയുടെ ഏത് ഭാഗത്താണ് പരിവർത്തനം ഉണ്ടായത് എന്നതിനെ ആശ്രയിച്ചിരിക്കുന്നു.

## തലസീമിയ ഉള്ളവരിൽ ഉണ്ടാകാവുന്ന പ്രശ്നങ്ങൾ

തലസീമിയ ഉള്ളവർക്ക്, അസ്ഥി മജ്ജ വികസിക്കുകയും ഇത് അസ്ഥികളുടെ വികാസത്തിനു കാരണമാകുകയും ചെയ്യുന്നു. പ്രധാനമായും മുഖത്തെയും തലയോട്ടിയുടെയും അസ്ഥികളുടെ വൈകല്യത്തിന് ഇത് കാരണമായേക്കാം. കൂടാതെ അസ്ഥി നേർത്തതും ബലക്കുറവുള്ളതും ആകുന്നു. ഇത് എല്ലുകൾ ഒടിയുന്നതിനുള്ള സാധ്യതകൾ ഉളവാക്കുന്നു.

പഴകിയതും കേടുപാടുകളുള്ളതുമായ രക്തകോശങ്ങളെ നശിപ്പിക്കുകയും ശരീരത്തിനുണ്ടാകുന്ന അണുബാധയെ നേരിടുന്നതിനും സഹായിക്കുകയാണ് പ്ലീഹ ചെയ്യുന്നത്. തലസീമിയ ധാരാളം രക്തകോശങ്ങൾ നശിപ്പിക്കുന്നു. ഇത് കാരണം പ്ലീഹ വലുതാവുകയും സാധാരണയിലും കൂടുതലായി പ്രവർത്തിക്കേണ്ടതായും വരുന്നു. പ്ലീഹ വളരെ വലുതാകുകയാണെങ്കിൽ ശരീരത്തിൽ നിന്നും നീക്കേണ്ടതായി വരും.

തലസീമിയയുള്ള കുട്ടികളിലെ വിളർച്ച അവരുടെ വളർച്ചയെ സാവധാനത്തിലാക്കുന്നു. തലസീമിയ പലവിധ ഹൃദയ രോഗങ്ങൾക്കു കാരണമാവാറുണ്ട്.

# ആനുകൂല്യങ്ങളും അവകാശങ്ങളും



## നിർബന്ധമായും കയ്യിൽ കരുതേണ്ടത്

### മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്

ഭിന്നശേഷിയുള്ളവരുടെ അവകാശസംരക്ഷണത്തിനും ആനുകൂല്യങ്ങൾ നേടുന്നതിനും ഏറ്റവും ആവശ്യം വേണ്ട രേഖയാണ് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്. ഇത് ലഭ്യമാവാൻ ജില്ലാ ആശുപത്രികളിൽ പ്രത്യേക സംവിധാനമുണ്ട്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ പ്രത്യേക ക്യാമ്പുകൾ നടത്തി മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്നുമുണ്ട്. അപേക്ഷാഫോം അങ്കണവാടികളിലും www.socialsecuritymission.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

## സിക്കിൾ സെൽ രോഗബാധിതർക്ക് സ്വയംതൊഴിൽ ഗ്രാന്റ്

**പിന്നാക്ക വിഭാഗത്തിൽപെട്ട അരിവാൾ കോശ വിളർച്ച (സിക്കിൾ സെൽ രോഗം) രോഗികൾക്ക് അല്ലെങ്കിൽ അവരുടെ രക്ഷിതാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി**

- അപേക്ഷകർ സംസ്ഥാനത്തെ പിന്നാക്ക സമുദായ പട്ടികയിൽ ഉൾപ്പെട്ടവരായിരിക്കണം
- കുടുംബ വാർഷിക വരുമാനം രണ്ടു ലക്ഷത്തിൽ കൂടുതലായിരിക്കരുത് .
- അപേക്ഷകരുടെ പ്രായം 50 വയസ്സിൽ കവിയരുത്.

### ഹാജരാക്കേണ്ട രേഖകൾ

- ജാതി സർട്ടിഫിക്കറ്റ്
- വരുമാന സർട്ടിഫിക്കറ്റ്
- വയസ്സ് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്
- അരിവാൾ രോഗ ബാധിതൻ/ ബാധിതയാണെന്നതിന് അസിസ്റ്റൻറ് സർജൻ റാങ്കിൽ കുറയാത്ത സർക്കാർ ഡോക്ടർ നൽകിയ സാക്ഷ്യപത്രം.
- സ്വയം തൊഴിൽ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് മറ്റ് ആനുകൂല്യം/ ധനസഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചിട്ടില്ല എന്ന പഞ്ചായത്ത് സെക്രട്ടറിയുടെ/ മുനിസിപ്പൽ സെക്രട്ടറിയുടെ സാക്ഷ്യപത്രം.
- ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സംരംഭത്തിന്റെ പ്രോജക്ട് റിപ്പോർട്ട്.
- രോഗി അല്ലെങ്കിൽ രോഗബാധിതന്റെ/ബാധിതയുടെ പൂർണസംരക്ഷണവും മേൽനോട്ടവും നടത്തുന്നയാളാണ് അപേക്ഷകനെന്ന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി/ വില്ലേജ് ഓഫീസർ എന്നിവരുടെ സാക്ഷ്യപത്രം.
- രോഗിയുടെ/ അപേക്ഷകന്റെ സ്വന്തം പേരിലുള്ള പാസ്സ്ബുക്കിന്റെ പകർപ്പ്.
- രോഗിയുടെ/ അപേക്ഷകന്റെ പേര് ഉൾപ്പെടുന്ന റേഷൻ കാർഡിന്റെ പകർപ്പ്.
- ആധാർ കാർഡിന്റെ പകർപ്പ്.

**NB**: അപേക്ഷകനും രോഗബാധിതനും വ്യത്യസ്ത വ്യക്തികളാണെങ്കിൽ രണ്ട് പേരുടെയും തിരിച്ചറിയൽ കാർഡ്, ആധാർകാർഡ് എന്നിവയുടെ പകർപ്പ്, അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

ഹീമോഫിലിയ, തലസീമിയ, സിക്കിൾസെൽ അനീമിയ തുടങ്ങിയ രോഗങ്ങൾ ബാധിച്ച 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ഈ പദ്ധതി വഴി സൗജന്യ ചികിത്സ നൽകുന്നു .

അർഹത :

- പ്രായം 18 വയസ്സിൽ കവിയരുത്.
- ചികിത്സാച്ചിലവ് താങ്ങാൻ കഴിയാത്ത രോഗികൾക്ക് മാത്രം.
- (ബി .പി .എൽ, എ.പി. എൽ ഭേദമില്ല)
- അടിയന്തിര ചികിത്സ ആവശ്യമുള്ളവരും ശസ്ത്രക്രിയ ആവശ്യമുള്ള കുട്ടികളും ഈ പദ്ധതിയുടെ പരിധിയിൽ വരും.
- ചികിത്സ തുടങ്ങിയ ശേഷം രോഗിക്ക് 18 വയസ്സ് പൂർത്തിയായാൽ ചികിത്സ സഹായം ഒരു വർഷം കൂടി മാത്രമേ ലഭിക്കൂ. പ്രത്യേക പരിഗണന ആവശ്യമുള്ള കേസുകളിൽ ബന്ധപ്പെട്ട ഡോക്ടറുടെയും ആശുപത്രി സൂപ്രണ്ടിന്റെയും റിപ്പോർട്ട നുസരിച്ചു സാമൂഹ്യ സുരക്ഷാ മിഷൻ കാലാവധി നീട്ടി നൽകുന്നതാണ്.
- തുടക്കത്തിൽ 50,000 രൂപയാണ് ലഭിക്കുന്നത്. തുടർന്നുള്ള സഹായങ്ങൾക്ക്, ബന്ധപ്പെട്ട ഹോസ്പിറ്റൽ അധികാരികളുടെ നിർദ്ദേശപ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷൻ അധികാരികൾ തീരുമാനം എടുക്കുന്നതാണ്.

**ആവശ്യമായ രേഖകൾ**

- ചികിത്സാ രേഖകൾ, ബില്ല്
- വരുമാന സർട്ടിഫിക്കറ്റ്
- മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്

**ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ആശുപത്രികൾ**

- ഗവണ്മെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം
- ഗവണ്മെന്റ് മെഡിക്കൽ കോളേജ്, തൃശ്ശൂർ
- ഗവണ്മെന്റ് മെഡിക്കൽ കോളേജ്,ആലപ്പുഴ
- ഗവണ്മെന്റ് മെഡിക്കൽ കോളേജ്, കോട്ടയം
- ഗവണ്മെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട്
- ഗവണ്മെന്റ് മെഡിക്കൽ ഹോസ്പിറ്റൽ, എറണാകുളം
- ഗവണ്മെന്റ് മെഡിക്കൽ കോളേജ്, മഞ്ചേരി, മലപ്പുറം
- എസ്.എ.ടി. ഹോസ്പ്പിറ്റൽ, തിരുവനന്തപുരം
- ഐ.എം.സി.എച്ച്, കോഴിക്കോട്
- ഐ.സി.എച്ച്, കോട്ടയം
- കോ-ഓപ്പറേറ്റിവ് മെഡിക്കൽ കോളേജ്, കണ്ണൂർ
- റീജിയണൽ ക്യാൻസർ സെൻറർ, തിരുവനന്തപുരം
- ജില്ലാ ആശുപത്രി, ആലപ്പുഴ, എറണാകുളം
- ശ്രീ ചിത്തിര തിരുനാൾ ഹോസ്പിറ്റൽ, തിരുവനന്തപുരം
- ചെസ്റ്റ് ഹോസ്പിറ്റൽ, തൃശ്ശൂർ
- ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആൻറ് കൊഗ്നിറ്റീവ് ന്യൂറോ സയൻസസ് (ഐക്കോൺസ്), ഷൊർണൂർ
- ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആൻറ് കൊഗ്നിറ്റീവ് ന്യൂറോ സയൻസസ് (ഐക്കോൺസ്), തിരുവനന്തപുരം
- മലബാർ ക്യാൻസർ സെന്റർ, തലശ്ശേരി, കണ്ണൂർ

# നിഷ് | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്

ആശയ വിനിമയ ശേഷിയിൽ പരിമിതികൾ നേരിടുന്നവരെ തിരിച്ചറിഞ്ഞ് അവരുടെ പുനരധിവാസം, വിദ്യാഭ്യാസം തുടങ്ങി സമഗ്രവും വിവിധോദ്ദേശ്യപരവുമായ കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്ന സ്ഥാപനമാണ് 1997-ൽ സ്ഥാപിതമായ നിഷ്. ശ്രവണ സംസാര വിഷയങ്ങളിൽ പ്രശ്നങ്ങൾ നേരിടുന്നവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് നിഷ് ഗണ്യമായ സംഭാവനകൾ നൽകിവരുന്നു.

നിഷ്- ന്റെ പ്രവർത്തനങ്ങളിൽ താഴെ പറയുന്ന കാര്യങ്ങൾ ഉൾപ്പെടുന്നു:

ശ്രവണ-സംസാര വിഷമതകളുടെ വൈവിധ്യം നിർണ്ണയിക്കുകയും അവർക്കുള്ള ബഹുമുഖമായ ഇന്റെർവെൻഷൻ സാദ്ധ്യമാക്കുകയും ചെയ്യുന്നതിന് ഓഡിയോളജിസ്റ്റുകൾ, സ്പീച്ച് ലാംഗ്വേജ് പതോളജിസ്റ്റുകൾ, തെറാപ്പിസ്റ്റുകൾ, സൈക്കോളജിസ്റ്റുകൾ, സ്പെഷ്യൽ ഇ.എൻ.റ്റി.സർജൻ, ന്യൂറോളജിസ്റ്റ് എന്നിവർ നിഷ്-ൽ ഉണ്ട്.

- കേൾവിത്തകരാറുള്ള കൊച്ചുകുട്ടികളുടെ ഇന്റെർവെൻഷനു വേണ്ടി ഏർലി ഇന്റെർവെൻഷൻ പ്രോഗ്രാം.
- കൗൺസിലിങ്ങും രക്ഷകർത്താക്കൾക്കു മാർഗ്ഗനിർദ്ദേശം നൽകലും.
- കേൾവിത്തകരാറുള്ള വിദ്യാർത്ഥികൾക്കു വേണ്ടി ബിരുദകോഴ്സുകൾ, തൊഴിലധിഷ്ഠിത റീഹാബിലിറ്റേഷൻ കോഴ്സുകൾ എന്നിവ ഉൾപ്പെടുന്ന അക്കാദമിക് പഠനവിഭാഗം.
- ക്യാമ്പുകളും ഔട്ട്റീച്ച് പ്രോഗ്രാമുകളും.
- ഡിസെബിലിറ്റി മേഖലയിൽ ഗവേഷണം.
- സെമിനാറുകൾ, ശില്പശാലകൾ, സി.ആർ.ഇ. പ്രോഗ്രാമുകൾ.



## ഹിയറിങ്ങ് സയൻസസ്



ഓഡിയോളജി ആൻറ് സ്പീച്ച് ലാംഗ്വേജ് പതോളജി വകുപ്പിലെ ഓഡിയോളജി വിഭാഗം രാജ്യാന്തര നിലവാരമുള്ള കേൾവി പരിശോധനയും ശ്രവണ ശേഷി സ്ക്രീനിങ്ങും ലഭ്യമാകുന്നു. ശ്രവണശേഷി നിർണ്ണയിക്കുന്നതിനു പുറമെ കുടുംബാംഗങ്ങൾക്ക് കൗൺസിലിങ്ങ്, ഹിയറിങ്ങ് എയ്ഡ് ഫിറ്റിങ്, കോക്ലിയർ ഇംപ്ലാൻറ്, ഭാഷ പരിശീലനം എന്നിവയും നൽകുന്നു.

## സ്പീച്ച് ലാംഗ്വേജ് സയൻസസ്



ഓഡിയോളജി ആൻറ് സ്പീച്ച് ലാംഗ്വേജ് പതോളജി വകുപ്പിനു കീഴിലുള്ള സ്പീച്ച് ലാംഗ്വേജ് വിഭാഗം വിവിധതരം സംസാരഭാഷാ വൈകല്യങ്ങൾക്കു കാരണം കണ്ടെത്തുകയും അവയ്ക്ക് ഫലപ്രദമായ ചികിത്സ നിർദ്ദേശിക്കുകയും ചെയ്യുന്നു. ശിശുക്കൾ മുതൽ പ്രായപൂർത്തിയായവർക്കുവരെ ഈ സേവനങ്ങൾ ലഭ്യമാണ്. വിദഗ്ദ്ധരും പരിചയസമ്പന്നരുമായ സ്പീച്ച് ലാംഗ്വേജ് പതോളജിസ്റ്റുകളാണ് ആധുനിക രീതിയിലുള്ള പരിശോധനകൾ നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നത്.

## ഏർലി ഇന്റർവെൻഷൻ



കേൾവിശക്തി കുറവുള്ള കുട്ടികളെ മുഖ്യധാരയിലേക്കു കൊണ്ടു വരുന്നതിനായി അവരുടെ ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കാൻ സഹായിക്കുന്ന ഊർജ്ജിത പരിശീലന പരിപാടിയാണിത്. മൂന്നു വയസിനു മുൻപ് കുട്ടികളിൽ ശ്രവണസഹായി ഘടിപ്പിച്ച ശേഷം അവരെ ഈ പരിശീലന പരിപാടിയിൽ പ്രവേശിപ്പിക്കുന്നു. ഇതിനു കുറഞ്ഞ പ്രായപരിധിയില്ല. കോക്ലിയർ ഇംപ്ലാന്റേഷൻ നടത്തിയിട്ടുള്ള കുട്ടികൾക്ക് ഓഡിറ്ററി വെർബൽ തെറാപ്പി (AVT) നടത്തുന്നതും ഈ വിഭാഗത്തിലാണ്.

## ഓട്ടിസം സ്പെക്ട്രവും അനുബന്ധ തകരാറുകളും



ഓട്ടിസം സ്പെക്ട്രം തകരാറുള്ളവർക്ക് ആയുഷ്കാലം സമഗ്രസേവനം ലഭ്യമാക്കുന്ന പദ്ധതി വികസിപ്പിച്ചെടുക്കുന്നതിലാണ് ഈ വകുപ്പ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. ഈ മേഖലയിൽ ഫലപ്രദമായ ക്ലിനിക്കൽ സേവനങ്ങളും ഗവേഷണ പദ്ധതികളും മാനവ വിഭവശേഷി വികാസവും പദ്ധതി ലക്ഷ്യമിടുന്നു. ഇന്ന് ഇന്ത്യയിൽ അസംഘടിതവും പരിമിതവുമായ തോതിലേ ഈ സേവനങ്ങൾ ലഭ്യമാകുന്നുള്ളൂ. വിവിധ തലങ്ങളിലായി അതിനൂതനമായ പരിശോധനകളും ചികിത്സാപദ്ധതികളും ഈ വകുപ്പു വാഗ്ദാനം ചെയ്യുന്നു.

## അക്കാദമിക് വിഭാഗം



ശ്രവണ പരിമിതിയുള്ളവർക്കു വേണ്ടി മാത്രമുള്ള ബിരുദ പഠനമാണ് കേരള യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റു ചെയ്തിരിക്കുന്ന ഫൈൻ ആർട്സ്, കംപ്യൂട്ടർ സയൻസ്, കൊമേഴ്സ് എന്നീ ഡിഗ്രി കോഴ്സ്സുകൾ. ഇതോടൊപ്പം ഓഡിയോളജി ആൻറ് സ്പീച്ച് ലാംഗ്വേജ് പതോളജിയിൽ KUHS ന്റെ അഫിലിയേഷനും റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരവുമുള്ള ബിരുദ, ബിരുദാനന്തര പ്രൊഫഷനൽ കോഴ്സുകളും ഡിപ്ലോമാ കോഴ്സുകളും നടത്തുന്നുണ്ട്.

## അനുബന്ധ സേവനങ്ങൾ



ഭിന്നശേഷി വിലയിരുത്തുന്നതിനും അവയുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനും ആവശ്യമായ സജ്ജീകരണങ്ങളോടുകൂടിയ അനുബന്ധ സേവനങ്ങളിൽ സൈക്കോളജി, ന്യൂറോളജി, ഇ.എൻ.റ്റി, ഫിസിയോതെറാപ്പി, ഒക്യുപ്പേഷണൽ തെറാപ്പി, എന്നിവ ഉൾപ്പെടുന്നു. ശ്രവണ-സംസാര പരിമിതികളോടനുബന്ധിച്ച് ഇതര പരിമിതികളുണ്ടാകാൻ സാദ്ധ്യതയുള്ളതിനാൽ അനുബന്ധ സേവനങ്ങൾ ഒഴിച്ചുകൂടാനാവാത്തതാണ്.

**നിഡാസ് ടീം തയ്യാറാക്കിയ സമാനരീതിയിലുള്ള മറ്റു ലഘുപുസ്തകങ്ങൾ**

- കാഴ്ചപരിമിതി
- ശ്രവണപരിമിതി
- ഓട്ടിസം സ്പെക്ട്രം ഡിസോർഡർ
- ചലന പരിമിതി
- ബുദ്ധിപരമായ വെല്ലുവിളി
- പഠന വൈകല്യം
- സെറിബ്രൽ പാൾസി

**Reference:**


http://www.nhfdc.nic.in/educationform

http://www.socialsecuritymission.gov.in/schemes.php

http://swd.kerala.gov.in/schemes.php

http://www.ncpedp.org/RPWDact2016

https://enabled.in/wp/kerala-government-schemes-differently-abled/

https://www.youtube.com/watch?v=J7VkUA_Zwxg&t=2s

https://www.youtube.com/watch?v=zpifxaBjhz4&t=2s

# NATIONAL INSTITUTE OF SPEECH & HEARING

Accredited as Excellent Institution by RCI | ISO 9001:2015 Certified | Accredited by NAAC with A-Grade



NISH Road, Sreekaryam P.O., Thiruvananthapuram - 695 017, Kerala, India
Tel: +91 471 2944 666, 259 6919   Fax: +91 471 2944 699   E-mail: nishinfo@nish.ac.in   Web: www.nish.ac.in
(An autonomous organisation under the Social Justice Department, Government of Kerala)